ഡോ. കെ. ടി. ജലീൽ
തദ്ദേശസ്വയംഭരണം, ന്യൂനപക്ഷക്ഷേമം
വഖഫ് & ഹജ്ജ് വകുപ്പുമന്ത്രി
കേരള സർക്കാർ

No. 301/PS/17/MLSGD 21-07-2017

**പ്രിയപ്പെട്ട മേയർ/ചെയർമാൻ/ പ്രസിഡന്റ്,**

ഹരിതകേരളം മിഷന്റെ ഭാഗമായി സമഗ്ര ശുചിത്വ പരിപാലനത്തിന് ഒരു കർമ്മ പദ്ധതിയ്ക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കേണ്ട ക്യാമ്പയിന്റെ വിശദമായ കുറിപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. കർമ്മപരിപാടിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഓരോ പ്രവർത്തനഘടകവും വളരെ പ്രധാനപ്പെട്ടതാണ്. 2017 ആഗസ്റ്റ് 15 ന് എല്ലാ വാർഡിലും വാർഡ്തല സാനിട്ടേഷൻ സമിതിയുടെ നേതൃത്വത്തിൽ "മാലിന്യത്തിൽ നിന്ന് സ്വാതന്ത്ര്യം" എന്ന പ്രഖ്യാപനം നടത്തേണ്ടതും തുടർന്ന്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാലിന്യസംസ്കരണത്തിന് ഏറ്റെടുത്തിട്ടുള്ള പ്രോജക്ടുകളുടെ നിർവ്വഹണം 2017 നവംബർ 1 ന് ആരംഭിക്കേണ്ടതുമാണ്.

മാലിന്യ നിർമ്മാർജ്ജനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട ചുമതലയാണ്. ഇത് അർത്ഥവത്തായ രീതിയിൽ നിർവഹിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ അവസ്ഥ നിർണയ പഠനം നടത്തേണ്ടതുണ്ട്. ടി പഠനം ചിട്ടയായി നടത്തി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയും പ്രശ്നങ്ങൾ മനസ്സിലാക്കി പരിഹാര നിർദ്ദേശങ്ങൾ കണ്ടെത്താവുന്നതും ആവശ്യമെങ്കിൽ മാലിന്യ സംസ്കരണ പ്രോജക്ടുകളിൽ ഭേദഗതികൾ വരുത്താവുന്നതുമാണ്.

സ്ഥലത്തിന്റെ പരിമിതി, മാലിന്യത്തിന്റെ സ്വഭാവം, നല്ല മാതൃകകളുടെ അഭാവം തുടങ്ങിയ വിഷയങ്ങൾ ഈ മേഖലയിലെ വെല്ലുവിളികളാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ദൂരീകരിക്കുവാൻ സർക്കാർ എല്ലാ പിന്തുണയും ഉറപ്പു നല്കുന്നു. ചിട്ടയായ ആസൂത്രണം, സംഘാടനം, ബഹുജനപങ്കാളിത്തം എന്നിവ ഉറപ്പുവരുത്തി ഈ കർമ്മപരിപാടി വിജയകരമായി നടപ്പിലാക്കാൻ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ആത്മാർത്ഥമായി മുന്നിട്ടിറങ്ങണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

**ഡോ. കെ.ടി.ജലീൽ**

ഓഫീസ് : നാലാം നില, റൂം നമ്പർ 401, സെക്രട്ടേറിയറ്റ് അനക്സ്
തിരുവനന്തപുരം-695 001
ഫോൺ ഓഫീസ് : 0471-2327895, 0471-2327796 വസതി : 0471-2720451, 0471-2723181
'ഗംഗ', കന്റോൺമെന്റ് ഹൗസ് കോംപ്ലക്സ്

## നവകേരളം കർമ്മപദ്ധതി - ഹരിതകേരളമിഷൻ
## മാലിന്യമുക്തകേരളം പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിന്റെ കർമ്മപരിപാടി - 2017-18

- **പ്രധാന നാഴികകല്ലുകൾ - (i) 80 ശതമാനം ത.സ്വ.ഭ. സ്ഥാപനങ്ങളും 2017-18 ലേക്കുള്ള ശുചിത്വ മാലിന്യ സംസ്ക്കരണ പ്ലാനുകൾ അർത്ഥവത്തായ രീതിയിൽ പരിഷ്ക്കരിക്കുകയും പുനർ അനുമതി നൽകുകയും (ii) നവംബർ ഒന്നിന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ശുചിത്വ മാലിന്യ സംസ്ക്കരണ പ്രോജക്ടുകളുടെ നിർവഹണാരംഭം.**

| പ്രവർത്തനം | സമയക്രമം | ചുമതല | നടപടി വിവരം |
|---|---|---|---|
| സംസ്ഥാനതല മുന്നൊരുക്കങ്ങൾ | 2017 ജൂലൈ ആദ്യ പകുതി | സംസ്ഥാന ഹരിതകേരള മിഷൻ | • മാർഗ്ഗരേഖ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും എത്തിക്കുക<br>• ജില്ലാതലത്തിൽ തദ്ദേശഭരണ സ്ഥാപന അദ്ധ്യക്ഷരുടെയും സെക്രട്ടറിമാരുടെയും ആരോഗ്യ-ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മറ്റി ചെയർപേഴ്സൺമാരുടെയും ചർച്ചായോഗം<br>• ജില്ലാതലത്തിലും തദ്ദേശഭരണ സ്ഥാപനതലത്തിലുമുള്ള മിഷൻ സമിതിയും കർമ്മസമിതിയും പ്രവർത്തനക്ഷമമാക്കുക<br>• ശുചിത്വ മാലിന്യ സർവ്വെയുടെ വിശദമായ ചോദ്യാവലി അച്ചടിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് എത്തിക്കൽ<br>• വിവിധ തലങ്ങളിൽ വേണ്ട പരിശീലകരെ സജ്ജരാക്കുകയും പരിശീലന കലണ്ടറും മൊഡ്യൂളുകളും തയ്യാറാക്കലും.<br>• പരിശീലന കലണ്ടറുകളും മൊഡ്യൂളുകളും കിലയുടെ നേതൃത്വത്തിൽ ശുചിത്വ ഉപമിഷന്റെ സഹായത്തോടെ തയ്യാറാക്കേണ്ടതാണ്. |
| മുഖ്യമന്ത്രി എടുക്കുന്ന സംസ്ഥാനതല കൺസൾട്ടേറ്റീവ് മീറ്റിംഗ് | 2017 ജൂലൈ 17-24 | സംസ്ഥാന ഹരിതകേരള മിഷൻ | • ഓരോ മണിക്കൂർ നീണ്ടുനിൽക്കുന്ന രണ്ടോ മൂന്നോ യോഗങ്ങൾ<br>• ആദ്യയോഗം പത്രപ്രവർത്തകരുടേത്. ശുചിത്വ മാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങളുമായി പത്രസ്ഥാപനങ്ങളെ പങ്കാളികളാക്കുന്നതു സംബന്ധിച്ച് മാധ്യമ സ്ഥാപനങ്ങൾ പ്രചരണ പരിപാടികൾ ഏറ്റെടുക്കുണം.<br>• വ്യാപാരി വ്യവസായി സംഘടനകളുടെ സംസ്ഥാനതല നേതാക്കൾ, ഹോട്ടൽ റെസ്റ്റോറന്റ് അസോസിയേഷൻ നേതാക്കൾ. കല്യാണ മണ്ഡപങ്ങളുടെ അസോസിയേഷൻ നേതാക്കൾ.<br>• ആശുപത്രികൾ, ആരോഗ്യ സ്ഥാപനങ്ങൾ, ലബോറട്ടറികൾ തുടങ്ങിയ സ്ഥാപനങ്ങളുടെ അസോസിയേഷൻ പ്രതിനിധികൾ.<br>• ഓരോ മീറ്റിംഗിലും എടുക്കേണ്ട സമീപനം, പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ എന്നിവ സംബന്ധിച്ച് പ്രത്യേകം പ്രത്യേകം നോട്ട് തയ്യാറാക്കണം. |

| | | | |
|---|---|---|---|
| പരിശീലനങ്ങൾ | 2017 ജൂലൈ<br>15-30 | കില | • സംസ്ഥാനതല റിസോഴ്സ് പേഴ്സൺമാരുടെയും ഉദ്യോഗസ്ഥരുടെയും പരിശീലനം<br>• ജില്ലാതല റിസോഴ്സ് പേഴ്സൺമാരുടെയും ഉദ്യോഗസ്ഥരുടെയും പരിശീലനം<br>• ബ്ലോക്ക് തലത്തിൽ ഗ്രാമപഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപ്പറേഷൻതല റിസോഴ്സ് പേഴ്സൺമാരുടെയും ഉദ്യോഗസ്ഥരുടെയും പരിശീലനം<br>• വാർഡുതല വോളന്റിയർ പരിശീലനം |
| ജില്ലാമിഷൻ യോഗങ്ങൾ | 2017 ജൂലൈ -20 നു മുന്നേ | സംസ്ഥാന ഹരിതകേരള മിഷൻ | • ജില്ലകൾക്ക് അധികാരപ്പെടുത്തിയിട്ടുള്ള മന്ത്രിയുടെ നേതൃത്വത്തിൽ ജില്ലാതല മിഷനുകൾ കൂടണം.<br>• ശുചിത്വ മാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങളുടെ നാൾവഴിയിൽ മുന്നൊരുക്ക പ്രവർത്തനങ്ങളും ഉൾപ്പെടെ നടപ്പാക്കുന്നതിനുള്ള ചുമതലകൾ നിശ്ചയിച്ചു നൽകണം.<br>• ജില്ലാമിഷന്റെ തീരുമാനങ്ങൾ വിശദീകരിച്ചു നൽകുന്നതിന് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധ്യക്ഷന്മാരുടേയും ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാന്മാരുടേയും സെക്രട്ടറിമാരുടേയും സംയുക്തയോഗം വിളിച്ചുകൂട്ടുകയും ഗ്രൂപ്പ്തല ചർച്ചകൾ നടത്തി ഭവന സന്ദർശനം, അവസ്ഥാ നിർണ്ണയം സർവ്വെ, താഴെത്തലത്തിൽ പരിശീലനം എന്നിവയൊക്കെ നടപ്പിലാക്കുന്നതിന് ആക്ഷൻ പ്ലാൻ തയ്യാറാക്കണം. |
| തദ്ദേശഭരണ സ്ഥാപനതല മിഷൻ യോഗം | 2017 ജൂലൈ 22 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ | • താഴെത്തട്ടിൽ ശുചിത്വമാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ പൂർണ്ണ ഉത്തരവാദിത്തം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. ബ്ലോക്ക്തലത്തിൽ ഏകോപനവും ഉറപ്പാക്കണം.<br>• ത.സ്വ.ഭ. സ്ഥാപന മിഷൻ സെക്രട്ടറിമാർ മിഷനുകളുടെ അധ്യക്ഷന്മാരുമായി കൂടിയാലോചിച്ച് യോഗങ്ങൾ വിളിക്കണം.<br>• തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെയും ഹരിതകേരളാ മിഷനും ഉപമിഷൻ കർമ്മസമിതിയും എല്ലാ വാർഡുമെമ്പർമാരും യോഗം ചേർന്ന് മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കുള്ള രൂപരേഖ ചർച്ച. ശുചിത്വ മാലിന്യ സർവ്വെ നടത്താനുള്ള സന്നദ്ധ പ്രവർത്തകരെ തെരഞ്ഞെടുക്കുന്നതും പരിശീലനം നടത്തുന്നതും സംബന്ധിച്ച് ധാരണയുണ്ടാകുക.<br>• വാർഡുതലം വരെ തുടർന്ന് സംഘടിപ്പിക്കേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും മുന്നൊരുക്കങ്ങൾ നിർവ്വഹിക്കുന്നതിനുമാണ് ശ്രദ്ധ നൽകേണ്ടത്.<br>• ഫ്ളാറ്റുകൾ, ഗേറ്റഡ് കോളനികൾ, ഹോട്ടലുകൾ, മാർക്കറ്റുകൾ തുടങ്ങിയ സ്ഥാപനങ്ങൾ എന്നിവകളിൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന് റസിഡന്റ്സ് അസോസിയേഷനുകൾ, സ്ഥാപന ഭാരവാഹികൾ എന്നിവരുടെ പ്രത്യേക യോഗങ്ങൾ വിളിച്ചുകൂട്ടി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം. |

| | | | |
|---|---|---|---|
| | | | • വാർഡുതല സാനിറ്റേഷൻ സമിതികളുടെ യോഗങ്ങൾ സംഘടിപ്പിച്ച് ഗൃഹസന്ദർശനവും സർവ്വെയുടെയും വ്യക്തമായ പരിപാടികൾ ആസൂത്രണം ചെയ്യണം.<br>• ജൂലൈ-ആഗസ്റ്റ് മാസങ്ങളിൽ ചേരുന്ന ഗ്രാമസഭകളിൽ ശുചിത്വ മാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങളെക്കുറിച്ച് പ്രത്യേക അജണ്ടയായി ചർച്ചകൾ നടത്തണം. |
| അവസ്ഥാ നിർണയ പഠന പ്രവർത്തകരുടെ പരിശീലനം (വാർഡുതലം) | 2017 ജൂലൈ ആവസാന ആഴ്ച | കിലയുടെ ആഭിമുഖ്യത്തിൽ. ഹരിതകേരള മിഷൻ | • തദ്ദേശ സ്വയംഭരണ സ്ഥാപനതല മാലിന്യ സംസ്കരണ പരിപാടിയുടെ പൊതുസമീപനം, വിവിധ മാലിന്യ സംസ്കരണ ഉപാധികളും അവയുടെ പ്രവർത്തനവും, വിവരശേഖരണ ചോദ്യാവലി പരിചയപ്പെടുത്തലുമാണ് ഈ ഘട്ടത്തിലുള്ള പരിശീലനത്തിൽ ഉണ്ടാവേണ്ടത്. വിവിധ മാലിന്യ സംസ്ക്കരണ ഉപാധികളെക്കുറിച്ചും അവയുടെ താരതമ്യ നേട്ടങ്ങളെക്കുറിച്ചും ജനങ്ങളോട് ഉത്തരവാദിത്തപൂർവ്വം സംസാരിക്കാനും സർവ്വെ നടത്താനും ഇവർക്ക് ശേഷിയുണ്ടാകേണ്ടതുണ്ട്. |
| മാലിന്യ സംസ്ക്കരണ അവസ്ഥാ നിർണയ പഠനം | 2017 ആഗസ്റ്റ് 6 മുതൽ 13 വരെ. | തദ്ദേശഭരണ ഹരിതമിഷൻ ടാസ്ക്ഫോഴ്സ് | • ഓരോ വീട്ടിലും സ്ഥാപനങ്ങളിലും ഉല്പാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങൾ നിലവിൽ എങ്ങനെ സംസ്ക്കരിക്കപ്പെടുന്നു, ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ സംസ്ക്കരിക്കുന്നതിന് എന്ത് സേവന സംവിധാനങ്ങൾ അനുയോജ്യമാണെന്നും ഇവയുടെയൊക്കെ ആവശ്യകതയും പ്രാധാന്യവും സംബന്ധിച്ച ബോധവത്ക്കരണവുമാണ് ഉദ്ദേശ്യം.<br>• എല്ലാ വീടുകളും സ്ഥാപനങ്ങളും പൊതുയിടങ്ങളും സന്ദർശിച്ചാണ് ഈ വിവരശേഖരണം നടത്തേണ്ടത്. അതോടൊപ്പം ജൈവമാലിന്യത്തെ ഉറവിടത്തിൽത്തന്നെ സംസ്കരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ അവർക്ക് ലളിതമായി മനസിലാക്കിക്കൊടുക്കുകയും അജൈവ മാലിന്യത്തിന്റെ ശേഖരണ, സംഭരണ, സംസ്ക്കരണ, കൈമാറ്റ രീതികൾ വിശദീകരിച്ചു കൊടുക്കുകയും വേണം.<br>• കുടുംബശ്രീ പ്രവർത്തകർ, യുവതീ യുവാക്കൾ, സാമൂഹ്യ-സാംസ്ക്കാരിക സംഘടനകൾ, ക്ലബ്ബുകൾ, പ്രാദേശിക സ്ഥാപനങ്ങൾ, സ്കൂൾ കേഡറ്റുകൾ, റസിഡന്റ് അസോസിയേഷനുകൾ, കോളേജുകളിലെ എൻ.സി.സി., എൻ.എസ്.എസ് വോളന്റിയർമാർ, വാർഡുതല ആരോഗ്യ പ്രവർത്തകർ, വാർഡുതല ജനപ്രതിനിധികൾ അടങ്ങുന്ന ഒരു സംഘമായിട്ടായിരിക്കണം വീടുകൾ സന്ദർശിക്കേണ്ടത്. ഒരു ടീം പരമാവധി 50 വീടുകൾ എന്ന നിരക്കിൽ രണ്ടുദിവസം കൊണ്ട് പൂർത്തീകരിക്കാൻ സാധിക്കുന്ന രീതിയിൽ ഓരോ വാർഡുകളുടെയും സവിശേഷതകൾ അനുസരിച്ച് വേണം സംഘങ്ങളുടെ എണ്ണം തീരുമാനിക്കാൻ.<br>• ഓരോ വീട്ടിലും മാലിന്യസംസ്കരണ പ്രവർത്തനത്തിന്റെ സന്ദേശവും മാലിന്യ സർവ്വേയുടെ ആവശ്യകതയും രീതിയും മാലിന്യസംസ്ക്കരണ മാർഗ്ഗങ്ങളുടെ വിശദാംശങ്ങളും എത്തണം. ജനങ്ങളുടെ സമ്പൂർണ സഹകരണം ഉറപ്പുവരുത്തണം. |

| | | | |
|---|---|---|---|
| മാലിന്യത്തിൽ നിന്ന് സ്വാതന്ത്ര്യം, ഞങ്ങൾ ഉത്തരവാദിത്തമെടുക്കുന്നു പ്രഖ്യാപനം | 2017 ആഗസ്റ്റ് 15 | ജില്ലാ ആസ്ഥാനങ്ങളിൽ<br><br>തദ്ദേശഭരണ സ്ഥാപനങ്ങൾ | • സ്വാതന്ത്ര്യദിന ചടങ്ങുകൾക്കുശേഷം ജനങ്ങൾ സ്വയം സമർപ്പണത്തോടെ നടത്തുന്ന മാലിന്യത്തിൽ നിന്ന് സ്വാതന്ത്ര്യം പ്രഖ്യാപനം.<br>• തുടർന്ന് മന്ത്രിമാരുടെയും എം.പി., എം.എൽ.എ., മറ്റ് ജന പ്രതിനിധികളുടേയും നേതൃത്വത്തിൽ ഗൃഹസന്ദർശനം, ലഘുലേഖകളുടെ വിതരണം.<br>• എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപന ആസ്ഥാനങ്ങളിലും രാവിലെ നടക്കുന്ന സ്വാതന്ത്ര്യദിന ചടങ്ങുകളുടെ തുടർച്ചയായി "മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം" പ്രഖ്യാപനവും പ്രതിജ്ഞയും നടത്തണം<br>• വൈകുന്നേരം 4 മണിമുതൽ 7 മണിവരെ എല്ലാ വാർഡിലും (ഗ്രാമ പഞ്ചായത്ത്, നഗരസഭകൾ) ശുചത്വ സംഗമം നടത്താം.<br>പ്രവർത്തനങ്ങൾ<br>• മാലിന്യ സംസ്കരണ അവസ്ഥാ നിർണയ പഠനം വാർഡ്തല ക്രോഡീകരണം അവതരിപ്പിക്കൽ<br>• ഗാർഹിക മാലിന്യം സുരക്ഷിതമായി സംസ്കരിക്കുന്ന കുടുംബങ്ങളുടെയും, ഗ്രീൻ പ്രോട്ടോകോൾ നടപ്പാക്കിയ സർക്കാർ /സ്വാകര്യ സ്ഥാപനങ്ങളുടെയും അനുഭവ സാക്ഷ്യ വിതരണവും അനുമോദനവും<br>• സ്വാപ് ഷോപ്പുകൾ സംഘടിപ്പിക്കുക<br>• പാഴ് വസ്തുശേഖരിക്കുന്നവർ, വ്യാപാരികൾ എന്നിവരുടെ അനുഭവ വിവരണവും സാധ്യതകളും<br>• ശുചിത്വ ഗാന സന്ധ്യ, നാടൻ പാട്ടുകൾ, സ്കിറ്റുകൾ തുടങ്ങിയവ<br>• 7 മണിക്ക് ശുചിത്വ ദീപ സന്ധ്യയും പ്രതിജ്ഞയും (എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ദീപം തെളിക്കും) |
| ശുചിത്വ മാലിന്യ സംസ്കരണ മാർഗരേഖയെ അടിസ്ഥാനപ്പെടുത്തി ജനപ്രതിനിധി പരിശീലനം | 2017 ആഗസ്റ്റ് 20-30 | കില ഹരിതകേരളം മിഷൻ | • തദ്ദേശ സ്വയം ഭണ സ്ഥാപന അധ്യക്ഷൻ, ഉപ അധ്യക്ഷൻ, ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, സെക്രട്ടറി, കർമസമിതി കൺവീനർ എന്നിവർക്ക് പരിശീലനം |
| തദ്ദേശസ്വയംഭരണ സ്ഥാപനതല ശുചിത്വമാലിന്യ സംസ്ക്കരണ പ്ലാൻ (2017-18) | 2017 സെപ്തംബർ 15 | സംസ്ഥാന ജില്ലാതല ഹരിതകേരള മിഷനുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ. | • തദ്ദേശഭരണ സ്ഥാപനങ്ങൾ ആവിഷ്ക്കരിച്ച മാലിന്യ സംസ്ക്കരണ പദ്ധതി ഏതൊക്കെ പ്രദേശങ്ങളിൽ പൊതുവെ മാർഗ്ഗരേഖയ്ക്ക് അനുസൃതമാണെന്ന് കണ്ടെത്തുക. മെച്ചപ്പെടുത്തൽ ആവശ്യമായ സ്ഥലങ്ങളിൽ മാതൃകാപദ്ധതികൾ തയ്യാറാക്കി നൽകുക (മാലിന്യ അവസ്ഥാ നിർണയ പഠന പ്രവർത്തനങ്ങൾക്കുശേഷം മതിയാകും)<br>• 87 മുനിസിപ്പാലിറ്റികളും ചുറ്റുമുള്ള 5 ഗ്രാമപഞ്ചായത്തുകളും ടൗൺഷിപ്പ് ഉള്ള മറ്റ് |

| | | | |
|---|---|---|---|
| | | | • ഗ്രാമപഞ്ചായത്തുകളുമുള്ള എല്ലാം കൂടി 41 മുനിസിപ്പൽ ക്ലസ്റ്ററുകൾക്കും ജൈവമാലിന്യ സംസ്ക്കരണത്തിന് പദ്ധതി ഉണ്ടാകണം. അതോടൊപ്പം എല്ലാ പ്രദേശങ്ങൾക്കും അജൈവ മാലിന്യങ്ങളുടേയും വിഷലിപ്ത മാലിന്യങ്ങളുടേയും സംസ്ക്കരണത്തിനും പദ്ധതി ഉണ്ടാകണം.<br>• ഹരിതകേരളാ മിഷനും ഉപമിഷൻ കർമ്മസമിതിയും എല്ലാ വാർഡുമെമ്പർമാരും പ്രാദേശിക വിദഗ്ദ്ധാംഗങ്ങളും മാലിന്യ അവസ്ഥാ നിർണയ പഠനം നടത്തിയ അംഗങ്ങളും മറ്റ് താത്പര്യമുള്ള പൗരജനങ്ങളും കൂടി പങ്കെടുക്കുന്ന ശില്പശാലയിൽ വേണം പദ്ധതി തയ്യാറാക്കേണ്ടത്.<br>• മിഷൻ കർമ്മസമിതി അംഗങ്ങൾക്ക് പ്രവർത്തന പദ്ധതി തയ്യാറാക്കാൻ യുക്തമായ പരിശീലന/പ്രായോഗികശേഷി വർദ്ധനവ് ഉറപ്പാക്കിയാൽ മാത്രമേ മെച്ചപ്പെട്ട പദ്ധതികൾ ഉണ്ടാകുകയുള്ളു.<br>• മാലിന്യ അവസ്ഥാ നിർണയ പഠനത്തിലൂടെ ലഭ്യമായ വിവരങ്ങൾ വിദഗ്ദ്ധർ ഗ്രാമ പഞ്ചായത്ത്, നഗരസഭാതലത്തിൽ ക്രോഡീകരിച്ച് അവതരിപ്പിക്കണം.<br>• ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ വിശദമായ മാലിന്യ സംസ്കരണ പരിപാടിയുടെ രൂപരേഖ. -ഗാർഹികതലത്തിലും, സ്ഥാപനതലത്തിലും, സാമൂഹിക തലത്തിലും നടപ്പാക്കേണ്ടവ - ആവിഷ്ക്കരിക്കുക<br>• അധിക വിവരശേഖരണം ആവശ്യമെങ്കിൽ അതുകൂടി തീർത്ത് പൂർണ്ണ പ്രവർത്തന പദ്ധതി തയ്യാറാക്കി തദ്ദേശ സ്വയംഭരണ സ്ഥാപന ഭരണസമിതിക്ക് സമർപ്പിക്കുന്നതിനായി, തദ്ദേശ്സ്വയംഭരണതല ഹരിതമിഷൻ ഉത്തരവാദിത്തം ഏറ്റെടുക്കണം.<br>• മാലിന്യ സംസ്ക്കരണത്തിന് അനുയോജ്യമായ വിവിധ സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തിക്കൊണ്ടുവേണം പദ്ധതി തയ്യാറാക്കാൻ.<br>• പദ്ധതി നിർവഹണ ഘടനയും സേവന സംവിധാനങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് സ്വീകാര്യമായ കുടുംബശ്രീ ഉൾപ്പെടെയുള്ള സാമൂഹ്യാധിഷ്ഠിത സംഘടനകളോ സർക്കാരിതര സംഘടനകളോ ഉൾപ്പെടുത്തി വ്യക്തമാക്കണം.<br>• തദ്ദേശ സ്വയംഭരണ സ്ഥാപനതല ഹരിതകേരള മിഷൻ സമിതിയുടെ മേൽനോട്ടത്തിൽ നടത്തണം. നടപ്പാക്കപ്പെടേണ്ട എല്ലാ നിർമ്മിതികളുടെയും പ്രവർത്തനങ്ങളുടെയും വിശദാംശം ഇതിൽ വേണം. തദ്ദേശ സ്വയംഭരണ സ്ഥാപനതല മാലിന്യ സംസ്ക്കരണ പദ്ധതി രേഖയാകണം ഇത്.<br>• തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സമഗ്ര ശുചിത്വ പദ്ധതിക്ക് അംഗീകാരം. |
| ഹരിതകർമ്മസേന രൂപീകരണം | അന്തിമ പദ്ധതി അംഗീകരിച്ച ശേഷം ഒക്ടോബർ ആദ്യ പകുതി | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ | കുടുംബശ്രീ യൂണിറ്റോ സ്വയം .സഹായസംഘങ്ങളോ അതല്ലെങ്കിൽ പ്രാദേശിക സംരംഭകരെയോ സർക്കാരിതര സംഘടനകളെയോ ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ അതുമല്ലെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനം സ്വന്തം നിലയ്ക്ക് അപേക്ഷ ക്ഷണിച്ചു രൂപീകരിക്കുന്ന സംരംഭം |

| | | | |
|---|---|---|---|
| ഹരിത സഹായ സ്ഥാപനത്തെ തെരഞ്ഞെടുത്ത് നിയോഗിക്കൽ | 2017 ഒക്ടോബർ മാസം | സംസ്ഥാന ഹരിതകേരള മിഷൻ | താത്പര്യപത്രം ക്ഷണിച്ച് യോഗ്യരായവരെ കണ്ടെത്തി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ക്ലസ്റ്റർ അഥവാ ജില്ലാ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്തു നിയോഗിക്കുക. പരമാവധി 12 എണ്ണം മതിയാകും. 41 മു നിസിപ്പൽ ക്ലസ്റ്ററുകളിൽ 2 എണ്ണത്തിന് ഒരു ഹരിതസഹായം സ്ഥാപനം. |
| തദ്ദേശഭരണ സ്ഥാപനതല ശുചിത്വ മാലിന്യ പ്രോജക്ടുകളുടെ നിർവഹണ ആരംഭം കുറിക്കൽ | 2017 നവംബർ 1 | തദ്ദേശഭരണ സ്ഥാപനങ്ങൾ, ഹരിതകർമ്മസേന, ഹരിത സഹായ സ്ഥാപനങ്ങൾ | തദ്ദേശ സ്വയംഭരണ സ്ഥാപനതല പദ്ധതികളിൽ ശാസ്ത്രീയമായും സാമൂഹ്യമായും സാമ്പത്തികമായും സ്വീകാര്യമായതും വ്യക്തിഗത കുടുംബങ്ങൾക്ക് താങ്ങാനാകുന്നതുമായ പ്രവർത്തനങ്ങളാണ് പദ്ധതികളിൽ ഉൾപ്പെടുത്തി ആരംഭിക്കേണ്ടത്. |
| ഹരിതകർമ്മസേനയിൽ ആവശ്യാനുസരണം കൂടുതൽ അംഗങ്ങളെ ചേർക്കലും അവർക്കുള്ള ഒന്നാംഘട്ട പരിശീലനവും | 2017 നവംബർ രണ്ടാം പകുതി | തദ്ദേശ ഭരണ സ്ഥാപനതല ഹരിതകേരള മിഷൻ, ഹരിത കർമ്മസേന, ഹരിത സഹായ സ്ഥാപനങ്ങൾ | തദ്ദേശ സ്വയംഭരണ സ്ഥാപനതല ഹരിതകേരള മിഷൻ കർമ്മസമിതിയുടെ മേൽനോട്ടത്തിൽ |
| മാലിന്യ സംസ്ക്കരണ സംവിധാനങ്ങൾ സ്ഥാപിക്കൽ (വീടുകളിലും സ്ഥാപനങ്ങളിലും പൊതുയിടങ്ങളിലും) | 2017 നവംബർ, ഡിസംബർ | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഹരിതകർമ്മസേന, ഹരിത സഹായ സ്ഥാപനങ്ങൾ | തദ്ദേശ സ്വയംഭരണ സ്ഥാപനതല ഹരിതകേരള മിഷൻ കർമ്മസമിതിയുടെ മേൽനോട്ടത്തിൽ |
| ഹരിതകർമ്മസേനയുടെ രണ്ടാംഘട്ട പരിശീലനം (നടത്തിപ്പ് പ്രവർത്തന പരിശീലനം) | 2018 ജനുവരി, ഫെബ്രുവരി | ഹരിത സഹായ സ്ഥാപനങ്ങൾ | അതതു തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ സ്വീകരിച്ചിരിക്കുന്ന മാലിന്യ സംസ്കരണരീതികൾക്ക് അനുയോജ്യമായ പ്രവർത്തനങ്ങൾ - മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ ദൈനംദിന പരിപാലനം, അറ്റകുറ്റപ്പണികൾ തുടങ്ങിയവ-നടത്തുന്നതിനാവശ്യമായ പരിശീലനം |
| അജൈവ മാലിന്യ ശേഖരണ കേന്ദ്രം (MCF) സ്ഥാപിക്കൽ, ക്ലീൻകേരള കമ്പനിയുമായി കരാറിൽ ഏർപ്പെടൽ | 2018 ജനുവരി, ഫെബ്രുവരി | തദ്ദേശഭരണ സ്ഥാപനങ്ങൾ, ഹരിതകർമ്മസേന, ഹരിത സഹായ സ്ഥാപനങ്ങൾ | അജൈവമാലിന്യം തരം തിരിച്ച് റീസൈക്ളിങ്ങിനായി നീക്കം ചെയ്യുന്നതിലേക്കുള്ള പശ്ചാത്തല സൗകര്യം സൃഷ്ടിക്കുക |
| അജൈവ മാലിന്യ സംസ്കരണ കേന്ദ്രങ്ങൾ (RRF) സ്ഥാപിക്കൽ | 2018 ജനുവരി, ഫെബ്രുവരി | സംസ്ഥാന ഹരിതകേരള മിഷൻ, ക്ലീൻകേരള കമ്പനി | എം.ആർ.എഫുകളിൽ നിന്നും ശേഖരിക്കുന്ന അജൈവ മാലിന്യങ്ങളുടെ രണ്ടാം ഘട്ടതരം തിരിവിനും ഷ്രെഡിങ്ങിനും ബെയ്ലിങ്ങിനുമടക്കമുള്ള പശ്ചാത്തല സൗകര്യം സൃഷ്ടിക്കുക |
| തുടർ നടത്തിപ്പ്, പ്രതിമാസ റിപ്പോർട്ടിങ്ങ്, സോഷ്യൽ ഓഡിറ്റിങ്ങ് | 2018 ഏപ്രിൽ മുതൽക്ക് | തദ്ദേശഭരണ സ്ഥാപനങ്ങൾ, ഹരിതകർമ്മസേന, ഹരിത സഹായ സ്ഥാപനങ്ങൾ | • സോഷ്യൽ ഓഡിറ്റിങ്ങ് സമിതിയെ തെരഞ്ഞെടുക്കൽ<br>• ഓഡിറ്റിങ്ങ് സമിതിക്ക് പരിശീലനം നൽകൽ<br>• തദ്ദേശ സ്വയം ഭരണ സ്ഥാപന തല മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ വിലയിരുത്തൽ |